REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 21-01-2026** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ തിരുവനന്തപുരത്ത്. BJP യുടെ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് പ്രധാനമന്ത്രി തുടക്കമിടും.
- രണ്ടു ദിവസത്തെ സന്ദർശനത്തിന് കേന്ദ്ര സാമൂഹ്യ നീതി ശാക്തീകരണ സഹമന്ത്രി രാംദാസ് അത്താവലെ കണ്ണൂരിലെത്തി.
- വിവാദ പരാമർശത്തിൽ മന്ത്രി സജി ചെറിയാൻ ഖേദം പ്രകടിപ്പിച്ചു.
- സ്വർണ്ണവിലയിൽ വൻ വർധന. പവന് ഇന്ന് 5,480 രൂപ കൂടി.
- ഇന്ത്യ- ന്യൂസിലാന്റ് അഞ്ച് മത്സര ട്വന്റി-20 ക്രിക്കറ്റ് പരമ്പരക്ക് വൈകിട്ട് നാഗ്പൂരിൽ തുടക്കം.

## വാർത്തകൾ വിശദമായി

**സംസ്ഥാനത്ത് BJP യുടെ നിയമസഭാ തെരഞ്ഞെടുപ്പ് രാഷ്ട്രീയ പ്രചാരണത്തിന് തുടക്കമിടാൻ പ്രധാനമന്ത്രി നരേന്ദ്രമോദി മറ്റന്നാൾ തിരുവനന്തപുരത്തെത്തും. പ്രധാനമന്ത്രിയെ വരവേൽക്കാൻ BJP സംസ്ഥാന നേതൃത്വം ഒരുക്കങ്ങളിലാണ്. തിരുവനന്തപുരം കോർപ്പറേഷൻ ഭരണം ആദ്യമായി നേടിയതിന്റെ ആവേശപ്പൊലിമയിലാണ് പ്രധാനമന്ത്രിയെ വരവേൽക്കാൻ പാർട്ടി നേതൃത്വം ഒരുങ്ങുന്നത്. നരേന്ദ്രമോദി നൽകുന്ന ആത്മവിശ്വാസമായിരിക്കും BJP-യുടെ നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിലെ ഊർജ്ജം.**

കേരളത്തിൽ, വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ BJP വലിയ മുന്നേറ്റമുണ്ടാക്കുമെന്ന് ഇന്നലെ ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് പുതിയ BJP അധ്യക്ഷന്റെ സ്ഥാനാരോഹണചടങ്ങിൽ നരേന്ദ്രമോദി പറഞ്ഞു.

BJP ദേശീയ സെക്രട്ടറി വിനോദ് താവ്ഡെക്കാണ് നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളത്തിന്റെ ചുമതല. സഹ ചുമതല കർണാടക സ്വദേശിയും കേന്ദ്ര തൊഴിൽ സഹമന്ത്രിയുമായ ശോഭ കരന്തലെജെയ്ക്കാണ്.

✪✪✪

കേന്ദ്ര സാമൂഹ്യ നീതി ശാക്തീകരണ സഹമന്ത്രി രാംദാസ് അത്താവലെ രണ്ടുദിവസത്തെ കേരള സന്ദർശനത്തിന് കണ്ണൂരിലെത്തി. രാവിലെ വിമാനത്താവളത്തിൽ റിപ്പബ്ലിക്കൻ പാർട്ടി ഓഫ് ഇന്ത്യ ദേശീയ ജനറൽ സെക്രട്ടറി രാജീവ് മേനോൻ, ദേശീയ വൈസ് പ്രസിഡണ്ട് നുസ്രത്ത് ജഹാൻ, ജില്ലാ പ്രസിഡണ്ട് രതകുമാർ ചെങ്ങളായി എന്നിവർ ചേർന്ന് അദ്ദേഹത്തെ സ്വീകരിച്ചു. തുടർന്ന് കണ്ണൂരിൽ ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസറുമായി കൂടിക്കാഴ്ച നടത്തി.

ഉച്ചയ്ക്ക് റിപ്പബ്ലിക്കൻ പാർട്ടി ഓഫ് ഇന്ത്യ സംസ്ഥാന പ്രവർത്തക കൺവെൻഷൻ അദ്ദേഹം ഉദ്ഘാടനം ചെയ്യും. വൈകിട്ട് കണ്ണൂർ കരുവഞ്ചാൽ വോളിബോൾ സ്റ്റേഡിയത്തിൽ ദേശീയ വോളിബോൾ ടൂർണമെന്റ് ഉദ്ഘാടനവും കേന്ദ്ര സഹ മന്ത്രി നിർവഹിക്കും. നാളെ രാവിലെ അതാവലെ കോഴിക്കോട്ടെത്തും.

✪✪✪

15-ാം കേരള നിയമസഭയുടെ 16-ാം സമ്മേളനം അന്തരിച്ച നിയമസഭാംഗം കാനത്തിൽ ജമീലയ്ക്ക് ചരമോപചാരം അർപ്പിച്ച് ഇന്നത്തേക്ക് പിരിഞ്ഞു. കേരള സമൂഹത്തിനാകെയും പ്രത്യേകിച്ച് പുരോഗമന പ്രസ്ഥാനത്തിനും നികത്താനാകാത്ത നഷ്ടമാണ് കാനത്തിൽ ജമീലയുടെ വിയോഗത്തിലൂടെ ഉണ്ടായിരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

കേരളത്തിന്റെ സാമൂഹിക - രാഷ്ട്രീയ ഭൂപടത്തിൽ സ്ത്രീകളുടെ സ്വരം ഉയർത്തുന്നതിൽ കാനത്തിൽ ജമീല എന്നും മുൻപന്തിയിലായിരുന്നുവെന്ന് സ്പീക്കർ A.N ഷംസീർ അനുസ്മരിച്ചു.

ജനാധിപത്യ ബോധവും മതേതര നിലപാടും സഭയിൽ പ്രകടിപ്പിച്ച വ്യക്തിയായിരുന്നു കാനത്തിൽ ജമീലയെന്ന് പ്രതിപക്ഷ നേതാവിന് വേണ്ടി K ബാബു പറഞ്ഞു.

കോഴിക്കോട് ജില്ലയിൽ നിരവധി പദ്ധതികളിലൂടെ ഒട്ടേറെ മാറ്റങ്ങൾ കൊണ്ട് വരാൻ കാനത്തിൽ ജമീലയ്ക്ക് സാധിച്ചുവെന്ന് PK കുഞ്ഞാലിക്കുട്ടി അനുസ്മരിച്ചു.

✪✪✪

തൊഴിലന്വേഷകരായ യുവജനങ്ങൾക്ക് കൈത്താങ്ങുമായി സംസ്ഥാന ഗവണ്മെന്റിന്റെ CM കണക്ട് ടു വർക്ക് സ്കോളർഷിപ്പ് പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തിരുവനന്തപുരം നിശാഗന്ധിയിൽ ഉദ്ഘാടനം ചെയ്യും. നൈപുണ്യ പരിശീലനത്തിലും, മത്സരപ്പരീക്ഷാ തയ്യാറെടുപ്പിലും ഏർപ്പെടുന്ന യുവജനങ്ങൾക്ക് പ്രതിമാസം ആയിരം രൂപ പദ്ധതിയിൽ സഹായം നൽകും.

✪✪✪

വിവാദ പരാമർശത്തിൽ ഖേദം പ്രകടിപ്പിച്ച് മന്ത്രി സജി ചെറിയാൻ വാർത്താ കുറിപ്പ് പുറത്തിറക്കി. വാക്കുകളെ വളച്ചൊടിച്ച് ഒരു വിഭാഗത്തിനെതിരെ നടത്തുന്ന പ്രചാരണം വളരെയധികം വേദനിപ്പിച്ചതായും, ആർക്കെങ്കിലും വേദനയുണ്ടാക്കിയെങ്കിൽ നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നതായും, പ്രസ്താവന പിൻവലിക്കുന്നതായും മന്ത്രി വാർത്താ കുറിപ്പിൽ വ്യക്തമാക്കി. എല്ലാ മനുഷ്യരെയും ജാതിമത ചിന്തകൾക്കതീതമായി സ്നേഹിക്കുകയും, അവർക്കു വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്ന പൊതുജീവിതത്തെ വർഗ്ഗീയതയുടെ ചേരിയിൽ നിർത്തി ചോദ്യം ചെയ്യുന്നത് ഒരിക്കലും സഹിക്കാൻ കഴിയുന്ന കാര്യമല്ലെന്നും സജി ചെറിയാൻ അറിയിച്ചു.

✪✪✪

മന്ത്രി സജി ചെറിയാനെതിരെ CPIM നടപടിയെടുക്കണമെന്ന് KPCC പ്രസിഡണ്ട് സണ്ണി ജോസഫ് ആവശ്യപ്പെട്ടു. വിദ്വേഷ പ്രസംഗം നടത്തി മന്ത്രി വർഗീയതയ്ക്ക് തിരികൊളുത്തിയെന്നും സണ്ണി ജോസഫ് ആരോപിച്ചു.

✪✪✪

സ്വർണ്ണവിലയിൽ ഇന്ന് വൻ വർധന. രണ്ടു തവണയായി പവന് 5480 രൂപ കൂടി ഒരു ലക്ഷത്തി 15,320 രൂപയിലെത്തി. 14,415 രൂപയാണ് ഗ്രാമിന്റെ വില.

✪✪✪

ഇന്ത്യയുടെ സമുദ്രപൈതൃകവും നാവിക കരുത്തും ആഗോളതലത്തിൽ പ്രദർശിപ്പിക്കുന്നതിന് INS സുദർശിനി നടത്തുന്ന 'ലോകായൻ 26' പ്രയാണത്തിന് തുടക്കമായി. കൊച്ചി നേവൽ ബേസിൽ സംഘടിപ്പിച്ച ചടങ്ങിൽ ദീർഘദൂര പായ്ക്കപ്പൽ യാത്ര ഔദ്യോഗികമായി ഫ്ലാഗ് ഓഫ് ചെയ്തു.

✪✪✪

27 വർഷത്തെ സേവനത്തിന് ശേഷം ഇന്ത്യൻ വംശജയായ ബഹിരാകാശ സഞ്ചാരി സുനിതാ വില്യംസ് നാസയിൽ നിന്നും വിരമിച്ചു. കഴിഞ്ഞ മാസം 27-ന് വിരമിക്കൽ പ്രാബല്യത്തിൽ വന്നതായി നാസ ഔദ്യോഗികമായി അറിയിച്ചു. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് മൂന്ന് ദൗത്യങ്ങളിലായി 608 ദിവസങ്ങൾ ചെലവഴിച്ച സുനിത, ഈ നേട്ടം കൈവരിക്കുന്ന രണ്ടാമത്തെ നാസ സഞ്ചാരിയാണ്.

62 മണിക്കൂറിലധികം നീണ്ട ഒൻപത് സ്പേസ് വാക്കുകളിലൂടെ ഏറ്റവും കൂടുതൽ സ്പേസ് വാക്ക് നടത്തിയ വനിത എന്ന ലോക റെക്കോർഡും അവർ സ്വന്തമാക്കി. ബഹിരാകാശത്ത് മാരത്തൺ പൂർത്തിയാക്കിയ ആദ്യ വ്യക്തി കൂടിയാണ് സുനിത വില്യംസ്.

2006-ൽ 'ഡിസ്കവറി' ഷട്ടിലിലായിരുന്നു സുനിത വില്യംസിന്റെ ആദ്യ യാത്ര.

✪✪✪

മേഘാലയ, ത്രിപുര, മണിപ്പൂർ സംസ്ഥാനങ്ങളുടെ രൂപീകരണ ദിനത്തിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ജനങ്ങൾക്ക് ആശംസകൾ നേർന്നു. ഈ സംസ്ഥാനങ്ങളുടെ രൂപീകരണം രാജ്യത്തിന്റെ ഐക്യത്തെയും, പാരമ്പര്യത്തെയും ശക്തിപ്പെടുത്തിയതായി ഉപരാഷ്ട്രപതി പറഞ്ഞു.

✪✪✪

സാമൂഹ്യ നീതി വകുപ്പിന്റെ 'സവിശേഷ' -കാർണിവൽ ഓഫ് ദ ഡിഫറന്റ് സമാപന സമ്മേളനം ഉച്ചക്ക് തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഇന്നലെ ചന്ദ്രശേഖർനായർ സ്റ്റേഡിയത്തിൽ നടത്തിയ കായിക മത്സരങ്ങളിലെ

വിജയികൾക്ക് മന്ത്രി ഡോ. ആർ ബിന്ദു സമ്മാനങ്ങൾ വിതരണം ചെയ്തു. 300-ഓളം ഭിന്നശേഷിക്കാർ മത്സരങ്ങളിൽ പങ്കെടുത്തു.

✪✪✪

ശബരിമല സ്വർണക്കൊള്ള കേസിലെ മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിയ്ക്ക് ആദ്യ കേസിൽ ജാമ്യം അനുവദിച്ചു. പോറ്റിയുടെ ജാമ്യാപേക്ഷ പരിഗണിച്ച കൊല്ലം വിജിലൻസ് കോടതിയാണ് ഉപാധികളോടെ ജാമ്യം അനുവദിച്ചത്. ദ്വാരപാലകകേസിൽ അറസ്റ്റിലായി 90 ദിവസം കഴിഞ്ഞിട്ടും അന്വേഷണസംഘം കുറ്റപത്രം സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിലാണ് ജാമ്യം. കട്ടിളപ്പാളി കേസിൽ റിമാൻഡിൽ തുടരുന്നതിനാൽ പോറ്റിക്ക് ജയിൽമോചനം സാധ്യമല്ല.

✪✪✪

കേരളത്തിന്റെ സാമൂഹിക പുരോഗമന ചരിത്രം അടിസ്ഥാനമാക്കി സംസ്ഥാന ഗവൺമെന്റ് സംഘടിപ്പിക്കുന്ന ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് മത്സരത്തിലെ സ്കൂൾതല വിദ്യാഭ്യാസ ജില്ലാ മത്സരം നാളെ നടത്തും. സ്കൂൾതല പ്രാരംഭഘട്ട മത്സരത്തിൽ വിജയികളായ രണ്ട് ടീമുകൾ വീതം വിദ്യാഭ്യാസ ജില്ലാ മത്സരത്തിൽ പങ്കെടുക്കും. രാവിലെ 9 മുതൽ വിദ്യാഭ്യാസ ജില്ലയിലെ ക്വിസ് കേന്ദ്രങ്ങളിൽ രജിസ്ട്രേഷൻ ആരംഭിക്കും. 11 മുതൽ സംസ്ഥാന വ്യാപകമായി മത്സരം നടത്തും.

✪✪✪

മഹാമാഘ മഹോത്സവത്തിന്റെ ഭാഗമായി, വിനായക ചതുർഥി, ചതയം നക്ഷത്രം എന്നീ വിശേഷദിനമായ നാളെ തിരുനാവായയിൽ പ്രത്യേക ആത്മീയ ചടങ്ങുകൾ സംഘടിപ്പിക്കും.

ഉദയത്തിന് മുമ്പ് സൂര്യ ഗണപതി സാധന നടത്തും. ആചാര്യൻ ലക്ഷ്മണൻ തില്ലങ്കേരിയുടെ നേതൃത്വത്തിലാണ് ചടങ്ങുകൾ. തുടർന്ന് സുകൃത ഹോമം നടത്തും. രാവിലെ മുതൽ ഗായത്രി അക്ഷരദേവത പൂജയും യജ്ഞവും വൈകിട്ട് സർവേശ്വര പൂജയും ഉണ്ടാകും.

✪✪✪

തമിഴ്നാട്ടിൽ അനുമതി നിഷേധിച്ച മഹാ മല രഥയാത്ര രാവിലെ കല്ലാത്തിയിൽ നിന്ന് പുനഃരാരംഭിച്ചു. ശ്രീചക്ര മഹാമേരു പ്രതിഷ്ഠയുമായാണ് രഥയാത്ര. തമിഴ്നാട്ടിലെ ഉദുമൽപേട്ടിന് സമീപത്തെ ത്രിമൂർത്തി മലയിലെ ഭാരതപ്പുഴയുടെ ഉദ്ഭവകേന്ദ്രത്തിൽ

നിന്ന് ആരംഭിക്കാനായിരുന്നു യാത്രയുടെ ആദ്യ പദ്ധതി. നദിയുടെ ആത്മീയവും സാംസ്കാരികവുമായ തുടർച്ചയെ പ്രതിനിധീകരിക്കുന്നതാണ് തിരുനാവായ കുംഭമേളയോട് ബന്ധപ്പെട്ട യാത്ര.

ഇന്ന് രഥയാത്ര വടക്കന്തറ, യാക്കര, കൊടുന്തിരപ്പുള്ളി അഗ്രഹാരം, അണിക്കോട് ആശ്രമം, മങ്കര, പാമ്പാടി സോമേശ്വരം, തിരുവില്ല്വാമല, കുത്താമ്പുള്ളി എന്നിവിടങ്ങളിലൂടെ കടന്നുപോകും.

നാളെ ചിനക്കത്തൂർ, വാണിയംകുളം, കുളപ്പുള്ളി പറക്കുട്ടിക്കാവ്, പട്ടാമ്പി, തൃത്താല, കുറ്റിപ്പുറം വഴി രഥയാത്ര തിരുനാവായയിൽ എത്തും..

✪✪✪

ഇന്ത്യ- ന്യൂസിലാന്റ് അഞ്ച് മത്സര ട്വന്റി-20 ക്രിക്കറ്റ് പരമ്പര വൈകിട്ട് നാഗ്പൂരിൽ ആരംഭിക്കും. വിദർഭ ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ ഏഴ് മണിക്കാണ് പരമ്പരയിലെ ആദ്യ മത്സരം. സൂര്യകുമാർ യാദവാണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്.

✪✪✪

ഇന്തോനേഷ്യ മാസ്റ്റേഴ്സ് ബാഡ്മിന്റണിൽ, ഇന്ത്യയുടെ PV സിന്ധു, മാളവിക ബൻസോദ്, തൻവി ശർമ്മ എന്നിവർ ആദ്യ റൗണ്ടിൽ ഇറങ്ങും.

ഇന്നലെ യോഗ്യത റൗണ്ടിൽ വിജയിച്ച അൻമോൽ ഖർബും ആകർഷി കശ്യപും ഇന്ന് മെയിൻ ഡ്രോയിലെ ആദ്യ റൗണ്ടിൽ മത്സരിക്കും.

✪✪✪

കാലിക്കറ്റ് സർവകലാശാല C- സോൺ കലോത്സവം ഇന്നുമുതൽ ഈ മാസം 25 വരെ മലപ്പുറം ചേറൂർ PPTM ആർട്സ് ആന്റ് സയൻസ് കോളേജിൽ അരങ്ങേറും. സ്റ്റേജ് ഇതര മത്സരങ്ങൾ രാവിലെ തുടങ്ങി. നാളെ വൈകിട്ട് സ്റ്റേജ് മത്സരങ്ങളും ആരംഭിക്കും. 102 ഇനങ്ങളിൽ 4,032 മത്സരാർത്ഥികളാണ് പങ്കെടുക്കുക.

✪✪✪

കണ്ണൂരിൽ കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ 41-ാം സംസ്ഥാന സമ്മേളനം ഇന്ന് സമാപിക്കും. പുതിയ സംസ്ഥാന കൗൺസിലിന്റെ യോഗം കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും.

✪✪✪

മലപ്പുറം ജില്ലയിലെ കരിമ്പുഴ വന്യജീവിസങ്കേതത്തിൽ ഈ വർഷത്തെ ജൈവവൈവിധ്യ സർവേ നാളെ ആരംഭിക്കും. നാലുദിവസത്തെ സർവേ ഞായറാഴ്ച സമാപിക്കും.

നെടുങ്കയം അമിനിറ്റി സെന്ററിൽ നിലമ്പൂർ സൗത്ത് DFO ധനിക് ലാൽ സർവെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യും.

✪✪✪

ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷന്റെ മൂന്ന് ദിവസത്തെ സംസ്ഥാന സമ്മേളനം  കാഞ്ഞങ്ങാട്ട് തുടങ്ങി. പടന്നക്കാട് നല്ല ഇടയൻ പള്ളി ഓഡിറ്റോറിയത്തിൽ സംസ്ഥാന സമിതിയോഗവും, മുൻകാല അദ്ധ്യാപക സംഗമവും മാധ്യമ സെമിനാറും ഇന്നാണ്. നാളെയാണ് പ്രതിനിധി സമ്മേളനം.

✪✪✪

ഭീകരതയ്ക്കെതിരായ പോരാട്ടത്തിന്റെ പൊതുവായ വെല്ലുവിളികളിൽ മുമ്പെന്നത്തേക്കാളും രാജ്യങ്ങൾ സഹകരിക്കേണ്ടത് അനിവാര്യമാണെന്ന് വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ പറഞ്ഞു. ന്യൂഡൽഹിയിൽ സ്പാനിഷ് വിദേശകാര്യമന്ത്രി ജോസ് മാനുവൽ അൽബാരസ് ബ്യൂണോയുമായി കൂടിക്കാഴ്ചക്കിടെ സംസാരിക്കു കയായിരുന്നു അദ്ദേഹം. ഇന്ത്യയും സ്പെയിനും തീവ്രവാദത്തിന്റെ ഇരകളാണെന്നും ജയശങ്കർ അഭിപ്രായപ്പെട്ടു.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*NRTs : അനിൽ ചന്ദ്രൻ, സയ്യിദ് അലി ശിഹാബ് തങ്ങൾ, നിമിഷ ജി*
*DEO : ഷീബ*